LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്ത് ആഫീസ് കെട്ടിട നിർമ്മാണം, പത്തനംതിട്ടയിൽ വെഹിക്കിൾ ടാക്ക് കാലിബ്രേഷൻ യൂണിറ്റിന്റെ നിർമ്മാണം എന്നിവയ്ക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിലായി വകയിരുത്തിയിട്ടുള്ള 575 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇക പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആസ്ഥാന കാര്യാലയ കെട്ടിട നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഒറ്റത്തവണ കേന്ദ്ര സഹായമായി ഉൾക്കൊള്ളിച്ചിട്ടുള്ള 578 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വകുപ്പിന്റെ പ്രവർത്തനത്തിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, വാഹനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വകുപ്പിന് വെബ്സൈറ്റ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എല്ലാ താലൂക്കുകളിലും ഇൻസ്പെക്ടർ ഓഫീസ്, ലബോറട്ടറികൾ, ജില്ലകളിൽ ജില്ലാ ആഫീസ്, ഫ്ളൈയിംഗ് സ്ക്വാഡ് ആഫീസുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ ആവശ്യമായ വെഹിക്കിൾ ടാക്ക് കാലിബ്രേഷൻ യൂണിറ്റ്, വെയ്ബ്രിഡ്ജുകളുടെ പരിശോധനകൾക്കായി വെയ്ബ്രിഡ്ജ് വെരിഫിക്കേഷൻ കിറ്റ്, ഓട്ടോറിക്ഷാ മീറ്റർ പരിശോധനകൾക്കായി പൾസ് മീറ്ററുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ സെക്കന്ററി സ്റ്റാൻഡേർഡ് ലബോറട്ടറി, ഗോൾഡ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യൽ

29(*269) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ.അബ്ദു റബ്ബ്) : സർ,

(എ) ഉണ്ട്. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് 'സമ്പൂർണ്ണ' എന്ന പേരിൽ ഒരു ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കി സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 'സമ്പൂർണ്ണ' ഒരു സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ ആണ്. സ്കൂൾ തലത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സുതാര്യവും ലളിതവുമാക്കാൻ പ്രാധാനാദ്ധ്യാപകരെ സഹായിക്കുക എന്നതാണ് സമ്പൂർണ്ണയുടെ പ്രധാന ലക്ഷ്യം. സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വിശദാംശങ്ങളും ഡിജിറ്റൽ രൂപത്തിലാക്കുകയും വിദ്യാർത്ഥികളുടെ ഹാജർ വിശദാംശങ്ങൾ, പഠനനിലവാര രേഖ തയ്യാറാക്കൽ, ക്ലാസ് പ്രൊമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തുടങ്ങി ഒരു വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടറൈസ് ചെയ്യുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് സമ്പൂർണ്ണ-സ്കൂൾ മാനേജ്മെന്റ് സിസ്റ്റം.

(സി) വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തേയും വിദ്യാർത്ഥിയെയും സംബന്ധിച്ച് ഉള്ള മുഴുവൻ വിവരങ്ങളുമാണ് ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങൾ, മാതാപിതാക്കളുടെ വിവരങ്ങൾ, മേൽവിലാസം, മുൻപ് പഠിച്ചിരുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ, അഡ്മിഷന്റെയും പാഠ്യവിഷയങ്ങളുടെയും വിവരങ്ങൾ, പ്രതിരോധ കുത്തിവയ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ, തിരിച്ചറിയാനുതകുന്ന രണ്ട് അടയാളങ്ങൾ, വിവിധ ക്ലബ്ബുകളിലെ പങ്കാളിത്തം മുതലായ വിവരങ്ങളാണ് സമ്പൂർണ്ണ വഴി ശേഖരിക്കുന്നത്. സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അഡ്മിഷൻ രജിസ്റ്ററിലുള്ള എല്ലാ വിശദാംശങ്ങളും ഡിജിറ്റൽ രൂപത്തിലാക്കിയിട്ടുണ്ട്. അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. വിദ്യാലയങ്ങളിലെ കുട്ടികളുടെ വിശദാംശങ്ങളും ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐടി@ സ്കൂൾ പ്രോജക്ടാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly